GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.31/2026 15.02.2026

## വൈഗ 2026 - കാർഷിക നയരൂപീകരണത്തിന് കർഷക പാർലമെന്റ് നാളെ

തിരുവനന്തപുരം: സംസ്ഥാന കാർഷിക ചരിത്രത്തിൽ ശ്രദ്ധേയമാകാൻ പോകുന്ന ജനാധിപത്യ വേദിയായ കർഷക പാർലമെന്റ് ,വൈഗ 2026ന്റെ ഭാഗമായി നാളെ (ഫെബ്രുവരി 16) തിരുവനന്തപുരം ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ നടക്കും. സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള ഓരോ കർഷക പ്രതിനിധികൾ പങ്കാളികളാകുന്ന ഈ പ്രത്യേക സമ്മേളനം, കർഷകരുടെ ശബ്ദം നേരിട്ട് നയരൂപീകരണ തലത്തിലേക്ക് എത്തിക്കുന്നതിനുള്ള അപൂർവ വേദിയാണ്.

സംസ്ഥാന കാർഷിക രംഗം നേരിടുന്ന പൊതുവായ പ്രശ്നങ്ങളും പ്രദേശിക തലത്തിലുള്ള വെല്ലുവിളികളും തുറന്ന ചർച്ചയിലൂടെ മുന്നോട്ടുവയ്ക്കുകയും, കർഷകർക്ക് അവരുടെ നിർദേശങ്ങളും അനുഭവങ്ങളും ബഹു. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദുമായും വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായും നേരിട്ട് അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യും. കാലാവസ്ഥാ വെല്ലുവിളികൾ, വിപണി സൗകര്യങ്ങൾ, മൂല്യവർധന, സാങ്കേതിക പിന്തുണ, ഫീൽഡ് തല പ്രശ്നങ്ങൾ, വിവിധ കാർഷിക പദ്ധതികളുടെ പ്രാവർത്തികത എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആഴത്തിലുള്ള ചർച്ചകൾ നടക്കും. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളും ഭാവി പദ്ധതികളും സംബന്ധിച്ച നേരിട്ടുള്ള ആശയവിനിമയത്തിനും പ്രത്യേക സെഷനുകൾ ഉണ്ടായിരിക്കും.

കർഷക പാർലമെന്റ് തിരുവനന്തപുരം ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാൾ, പാർക്ക് സെന്ററിൽ നാളെ രാവിലെ 8:55 മുതൽ ഉച്ചയ്ക്ക് 1:30 വരെയാണ് നടത്തപ്പെടുന്നത്.. മുൻ

സ്പീക്കർ എം. വിജയകുമാർ സഭാധ്യക്ഷനാകും. സഭാ നടപടികൾ രാവിലെ കൃത്യം 8:55-ന് തന്നെ ആരംഭിക്കുന്നതാണ്. ആരംഭത്തിൽ സഭാധ്യക്ഷൻ സഭാ പരിചയം നടത്തുകയും തുടർന്ന് രാവിലെ 9.00 മണിക്ക് ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്യും. രാവിലെ 9:15 മുതൽ 10:15 വരെ ചോദ്യോത്തര വേള നടക്കും. ഈ ഘട്ടത്തിൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ, ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങൾ എന്നിവ പരിഗണിക്കും. തുടർന്ന് സബ്മിഷനുകളുടെ അവതരണവും അടിയന്തിര പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയും നടത്തപ്പെടും. വൈഗ 2026ന്റെ പ്രധാന പരിപാടിയായ കർഷക പാർലമെന്റ്, സംസ്ഥാന കാർഷിക സമൂഹത്തിന്റെയും നയരൂപീകരണ സംവിധാനത്തിന്റെയും ഇടയിൽ ഫലപ്രദമായ സംവാദത്തിനും ഉത്തരവാദിത്വപരമായ ഇടപെടലുകൾക്കും വഴിയൊരുക്കുന്ന ചരിത്രപരമായ വേദിയാകും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**